ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

243 (932) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം 67 ശതമാനം കവറേജിനും 15 ശതമാനം ഒ&എം-നും 10 ശതമാനം സസ്റ്റെനബിലിറ്റിക്കും 5 ശതമാനം സപ്പോർട്ട് ആക്ടിവിറ്റീസിനും 3 ശതമാനം വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ആന്റ് സർവയലൻസിനുമായിട്ടാണ് തുക അനുവദിക്കുന്നത്. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റെനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീ ചാർജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നും എസ്.സി./എസ്.ടി. കോളനികളിലേക്ക് ഡിസ്ട്രിക്ട് കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2009 മുതൽ ഈ പദ്ധതി 'നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം' എന്ന പേരിലാണ് അറിയപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുവേണ്ടി പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ PASK (Project Status Alert System of Kerala Water Authority) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കീഴ്ഘടങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനംവഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്യുവരുന്നു.

മീനാട് കുടിവെള്ള പദ്ധതി

244 (933) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയിൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; അവയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത് ആരാണ്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി പൂർണ്ണമായും കാര്യക്ഷമമാക്കി കമ്മീഷൻ ചെയ്യുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പദ്ധതിയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നാല് പാക്കേജുകളായി തിരിച്ചാണ് ചെയ്തത്. പാക്കേജ് I - ഇൻടേക് പമ്പിംഗ് സ്റ്റേഷൻ, ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയവ ഉൾപ്പെടുന്ന പാക്കേജ് -I പണികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. പാക്കേജ് II- 80 കി.മീ. ട്രാൻസ്മിഷൻ പൈപ്പ് ലൈനുകളും അനുബന്ധ സംവിധാനങ്ങളും പൂർത്തിയാക്കി വിവിധ ടാങ്കുകളിൽ ജലം എത്തിക്കുന്നു. പാക്കേജ് III- ഏകദേശം 963 കി.മീ. വരുന്ന വിതരണ ശൃംഖലയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാനുള്ളതാണ് ഈ പാക്കേജ്. 788 കി.മീ. പൈപ്പ് ലൈൻ ഇതുവരെ സ്ഥാപിക്കുകയും അതിൽ 173 കി.മീ. പൈപ്പ് ലൈൻ ചാർജ്ജ് ചെയ്യുകയും ചെയ്തു. ഇപ്പോൾ 20 എം.എൽ.ഡി. ജലം വിതരണം ചെയ്തുവരുന്നു. പാക്കേജ് IV- ൽ ഉൾപ്പെട്ട 14 ജലസംഭരണികളും അഡ്മിനിസ്ട്രേഷൻ ഓഫീസ്, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയവയും പൂർത്തിയാക്കിയിട്ടുണ്ട്. മീനാട് ശുദ്ധജല പദ്ധതിക്കായി 246.57 കോടി രൂപ ഇതുവരെ ചെലവഴിച്ചു

LIBRARY ARCHIVES Kerala Legislative Assembly